ഉത്തരം

(എ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കുമായി സർക്കാർ ധാരണാപത്രം ഒപ്പുവച്ചിട്ടില്ല.

(ബി-ഡി) ഉദിക്കുന്നില്ല.

മീനച്ചിലാറ്റിൽ നിന്നും വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് നടപടി

68 (293) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനച്ചലാറ്റിൽ നിന്നും വെള്ളം എടുത്ത് ശുദ്ധീകരിച്ച് അകലകുന്നം പഞ്ചായത്തിൽ വിതരണം ചെയ്യുന്ന സ്കീം നടപ്പിലാക്കിയെങ്കിലും പല ഭാഗത്തും വെള്ളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണം എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(സി) ഈ സ്കീമിൽ അകലകുന്നം പഞ്ചായത്തിൽ എത്ര ടാപ്പുകളാണ് ഉള്ളതെന്നും ഇതിൽ എത്ര ടാപ്പുകളിൽ വെള്ളം ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) ശുദ്ധജലത്തിന് വളരെ ബുദ്ധിമുട്ടുന്ന അകലകുന്നം പഞ്ചായത്തിൽ ഈ വേനൽക്കാലത്ത് തന്നെ ഈ സ്കീമിൽ നിന്നും എല്ലാ ടാപ്പുകളിലും വെള്ളം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ വിതരണ പൈപ്പുകൾ വളരെ വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ചതാണ്. വിതരണ പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ള റോഡുകളിൽ നടന്ന പുനരുദ്ധാരണ പണികൾ മൂലം പല സ്ഥലത്തും പൈപ്പുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഈ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് എല്ലാ ഭാഗത്തും സുഗമമായി ജലം എത്തിക്കുവാൻ നടപടി എടുത്തു വരുന്നു. കൂടാതെ തുടർച്ചയായി ഉണ്ടാകുന്ന വൈദ്യുതി തടസ്സവും കൃത്യമായി ജലം എത്തിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇതിനുള്ള പരിഹാരമാർഗ്ഗം കെ.എസ്.ഇ.ബി. അധികൃതരുമായി ആലോചിച്ച് കണ്ടെത്തുന്നതാണ്.

(സി) പ്രോജക്ട് റിപ്പോർട്ട് പ്രകാരം 116 ടാപ്പുകൾ സ്ഥാപിക്കുവാനാണ് നിശ്ചയിച്ചിരുന്നതെങ്കിലും പഞ്ചായത്തിന്റെ ആവശ്യപ്രകാരം ഇതുവരെ ചാർജ്ജ് ചെയ്ത പൈപ്പു ലൈനുകളിൽ 170 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഭാഗികമായി ജലവിതരണം നടത്തുന്നുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly